ചെയർമാനായിട്ട് അങ്ങ് ഒരാളെ നോമിനേറ് ചെയ്യണം. അങ്ങ് നോമിനേറ് ചെയ്തിട്ട് ആ വിവരം ഞങ്ങളെ അറിയിക്കണം. ഇവിടെ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാൻമാരായിട്ട് ചില മന്ത്രിമാർ ഇപ്പോഴും റിപ്പോർട്ട് അവതരിപ്പിച്ചു. ഇവർ ചെയർമാൻമാരായ വിവരം ഞങ്ങൾക്കറിയില്ല.

Mr. Speaker:—You are too technical.

VIII. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ.സി. ജോസഫ്, ശ്രീ. കെ.പി.എ. മജീദ്, ശ്രീമതി ഗൗരിയമ്മ എന്നിവരെ ഏഴാം കേരളനിയമസഭയുടെ 12-ാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതു സംബന്ധിച്ച്

ശ്രീ. ഇ.കെ. നായനാർ: നിയമസഭാ നടപടിച്ചട്ടത്തിലെ 303 പ്രകാരവും ഭരണഘടനയിലെ 202 പ്രകാരവും ഒരു പോയിന്റ് ഓഫ് ഓർഡർ ഞാൻ റെയിസ് ചെയ്യുകയാണ്. മുഖ്യമന്ത്രി ഇവിടെ അവതരിപ്പിക്കാൻ പോകുന്നത് 1986-87-ലെ ബഡ്ജറ്റിന്റെ ഒരു ഭാഗമായ ഡിമാൻഡ് നമ്പർ രണ്ടാണ്. കേരളാ ബഡ്ജറ് മാനുവലിലെ ഒന്നും രണ്ടും ഖണ്ഡികകളിൽ ബഡ്ജറിനെപ്പറ്റി നിർവ്വചിച്ചിട്ടുണ്ട്. അതുപോലെ ഭരണഘടനയിലും പറയുന്നുണ്ട്. Constitution of India, Article 202 (1):

The Governor shall in respect of every financial year cause to be laid before the House or Houses of the Legislature of the State a statement of the estimated receipt and expenditure of the State for that year, in this Part referred to as the "annual financial statement".

എന്നാൽ 15.63 കോടി രൂപയുടെ മിച്ചബഡ്ജറാണെന്ന് അവകാശപ്പെട്ടുകൊണ്ട് മുൻ ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി കഴിഞ്ഞ മാർച്ച് 21-ാം തീയതി ഈ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ് വസ്തുതകളുടെ പിൻബലമില്ലാത്തതും നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതും ഭരണഘടനാവ്യവസ്ഥയെ ലംഘിക്കുന്നതുമാണെന്ന് ഒട്ടേറെ വിദഗ്ദ്ധൻമാർ അഭിപ്രായപ്പെട്ടിരിക്കുകയാണ്. സാമ്പത്തിക വിദഗ്ദ്ധനെന്നു അറിയപ്പെടുന്ന ഡോ. കെ.എൻ. രാജ് ബഡ്ജറ് മിച്ചമാക്കിയതിനെക്കുറിച്ച് ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി ചെയ്ത പ്രസ്താവന തീർത്തും അയഥാർത്ഥമാണെന്നാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല തട്ടിപ്പുംകൂടിയാണെന്നു പറഞ്ഞിട്ടുണ്ട്. സാമ്പത്തികസ്ഥിതിയെക്കുറിച്ച് പ്രസ്താവന ചെയ്യുമ്പോഴും ഒരു മന്ത്രി നിയമസഭയെ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുന്നതിനെതിരെ കേസ് കൊടുക്കുന്നതിനെക്കുറിച്ച് കോടതിയുടെ അഭിപ്രായം ആരായാവുന്നതാണെന്നും മലയാള മനോരമ ഏപ്രിൽ 24-ാം തീയതിറിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേന്ദ്രധനകാര്യസഹമന്ത്രി ശ്രീ. ജനാർദ്ദൻ പൂജാരി ഏപ്രിൽ 25-ാം തീയതി ലോകസഭയിൽ പറഞ്ഞു 1986-87-ലെ കേരളാ ബഡ്ജറ് 59.40 കോടി രൂപയുടെ കമ്മി ബഡ്ജറാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന്, 1986– ഏപ്രിൽ 30–ലെ ഇന്ത്യൻ എക്സ്പ്രസ്സിന്റെ മുഖപ്രസംഗത്തിൽ കേരളാ ബഡ്ജറ്റ് fraud ആണെന്നു പറഞ്ഞിട്ടുണ്ട്.

(ബഹളം)

മി. സ്പീക്കർ: ഈ ഘട്ടത്തിൽ പ്രതിപക്ഷനേതാവിനെ ഒരു പോയിന്റ് ഓഫ് ഓർഡർ അവതരിപ്പിക്കാൻ ചെയർ അനുവദിച്ചിരിക്കുകയാണ്.

ശ്രീ. ഇ.കെ. നായനാർ: കോൺസ്റ്റിറ്റ്യൂഷന്റെ 202–ഉം കൂടി ചേർത്താണ് ഞാൻ പറയുന്നത്. അതൊന്നു വായിച്ചു നോക്കാൻ പറയണം. ഇന്ത്യൻ എക്സ്പ്രസ്സിന്റെ മുഖപ്രസംഗത്തിൽ പറയുന്നത് Experts and layman alike are now beginning to believe that the budget did not give a truthful picture. Either the Kerala Assembly or the Lok Sabha has been misled. The people have a right to know who are behind this fraudulent exercise and for what reason. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുണാകരൻ പറയുന്നത് ബഡ്ജറ്റ് മിച്ചമാണെന്നും കമ്മിയാണെന്നും പറയാം എന്നാണ്. എന്തായാലും ബഡ്ജറ്റിലെ വസ്തുതകളുടെ യാഥാർത്ഥ്യം വ്യക്തമാക്കാൻ നടപടികളും സ്വീകരിക്കാമെന്നു പറഞ്ഞിട്ടുണ്ട്. ഇത് മാതൃഭൂമിയിൽ മേയ് ഏഴാം തീയതി വന്ന റിപ്പോർട്ടാണ്. മേയ് 11–ാം തീയതി ജനാർദ്ദൻ പൂജാരി രാജ്യസഭയിൽ ആവർത്തിച്ചു പ്രഖ്യാപിച്ചു കേരളാ ബഡ്ജറ്റ് കമ്മി തന്നെയെന്ന്. ഇത് മലയാള മനോരമയിൽ മേയ് 12–ാം തീയതിവന്ന വാർത്തയാണ്. മാർച്ച് 21–ാം തീയതി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീമാൻ മാണി പറഞ്ഞു 1985–86 അവസാനം 82.13 കോടി രൂപയുടെ മിച്ചമുണ്ടാകുമെന്ന്. മേയ് 17–ാം തീയതി ധനകാര്യമന്ത്രി പറഞ്ഞത് മറെറാന്നാണ്. 1985–86–ലെ കേരളത്തിന്റെ വാർഷിക വരുമാനമിച്ചം 168.14 കോടി രൂപയാണ് എന്നാണ് മേയ് 18–ാം തീയതിയിലെ ദീപികയിൽ പറഞ്ഞിരിക്കുന്നത്. ധനകാര്യവകുപ്പ് ഏറെടുത്ത സ്ഥിതിക്ക് ബഡ്ജറ്റ് മിച്ചമാണോ കമ്മിയാണോ എന്നതിനെപ്പറ്റി അവലോകനം ചെയ്തോ എന്ന ചോദ്യം മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ അദ്ദേഹം മുഖ്യമന്ത്രി പറഞ്ഞ മറുപടി ഇതാണ്. ഈ കാര്യം പരിശോധിച്ചു വരികയാണ്, കാത്തിരുന്ന് കാണുക എന്ന്. മേയ് 17–ാം തീയതിയിലെ കേരള കൗമുദിയിലെ വാർത്തയാണ്. അതുകൊണ്ട് ബഡ്ജറ്റിലെ വസ്തുതകളുടെ യാഥാർത്ഥ്യം വ്യക്തമാക്കാൻ നടപടികളും സ്വീകരിക്കണം. കമ്മിയാണോ മിച്ചമാണോ എന്നു പരിശോധിച്ചു പറയണം. നമ്മുടെ സാമ്പത്തിക വിദഗ്ദ്ധൻമാരും കേന്ദ്രധനകാര്യനേതാക്കൻമാരുമൊക്കെ വ്യത്യസ്ത അഭിപ്രായം പറഞ്ഞു. ഇത് പരിശോധിക്കാമെന്നു മുഖ്യമന്ത്രി പറഞ്ഞു. ഇത് പരിശോധിക്കാതെ വോട്ട് ഓൺ അക്കൗണ്ട് പ്രകാരം പാസ്സാക്കുന്ന ബഡ്ജറ്റ് ശരിയല്ല. അതിനെ അടിസ്ഥാനമാക്കിയാണ് രണ്ടാം ധനകാര്യത്തിൽ അവതരിപ്പിക്കുന്നത്. അങ്ങനെ അവതരിപ്പിക്കുന്നതിന് നിയമസാധുതയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ അതിനെപ്പറ്റി വിധി കൽപ്പിക്കണം.

നിയമവും ജനസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ഈ നിയമസഭയെ ഗവൺമെന്റ് ഒരിക്കലും തെറ്റിദ്ധരിപ്പിച്ചിട്ടില്ല. 1986–87–ലെ ബഡ്ജറ്റ്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ വിശദമായി സംസാരിച്ചതാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയേണ്ടതുണ്ട്.

ശ്രീ. എ.സി. ഷൺമുഖദാസ്: ഇനി മുഖ്യമന്ത്രി പറയണം.

മി. സ്പീക്കർ: അങ്ങും മന്ത്രിയായിരുന്ന ആളാണല്ലോ. ഇന്ന മന്ത്രി മറുപടി പറയണമെന്നില്ല. ഗവൺമെൻറിനുവേണ്ടിയാണ് പറയുന്നത്. ഗവൺമെൻറിനുവേണ്ടി ആരു പറഞ്ഞാലും ഗവൺമെൻറിന്റെയാണ്.

ശ്രീ. കെ.എം. മാണി: ഇനി കുറെ ദിവസങ്ങളുണ്ട്. അപ്പോൾ ചോദിക്കാം. ഇപ്പോൾ ഈ പറഞ്ഞ കാര്യത്തെസംബന്ധിച്ച് മുൻ ധനകാര്യമന്ത്രി എന്നുള്ള നിലയിൽ, ബഡ്ജറ്റ് രേഖ ഈ നിയമസഭയിൽ അവതരിപ്പിച്ച ഒരു വ്യക്തി എന്ന നിലയിൽ, ഈ നിയമസഭയിലെ ഒരംഗമെന്ന നിലയിൽ കൂട്ടുത്തരവാദിത്തത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഇതിന് മറുപടി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട നായനാർ പെട്ടെന്ന് ഇങ്ങനെയൊരു ക്രമപ്രശ്നവുമായിട്ട് വരുമെന്നു ഞാൻ പ്രതീക്ഷിച്ചില്ല. ധനകാര്യമന്ത്രിയും കൂടി എന്നോടു മറുപടി പറയണമെന്ന് ആവശ്യപ്പെട്ടതുകൊണ്ട് ഞാൻ മറുപടി പറയുകയാണ്. കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ചത് മിച്ച ബഡ്ജറാണോ, കമ്മി ബഡ്ജറാണോ, കള്ള ബഡ്ജറാണോ എന്നുള്ളതാണ് ചർച്ചാവിഷയം. ഈ ചർച്ചയെ സംബന്ധിച്ചിടത്തോളം പത്രങ്ങളിലൂടെ വന്നിട്ടുള്ള രാഷ്ട്രീയ പ്രേരിതമായതോ അല്ലാത്തതോ ആയ പ്രസ്താവനകൾക്ക് ഞാൻ മറുപടി പറയുന്നില്ല. ഞാൻ വളരെ വ്യക്തമായി ഒരു കാര്യം പറഞ്ഞു.

.....(ബഹളം).....

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് പറഞ്ഞതിനുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

ശ്രീ. കെ. എം. മാണി: ഞാൻ നഴിഞ്ഞ ബഡ്ജറ് അവതരിപ്പിച്ചപ്പോൾ അതിനകത്ത് പറഞ്ഞിരിക്കുന്നത് 1985–86 അതായത് കഴിഞ്ഞവർഷം അവസാനിക്കുമ്പോൾ 82 കോടി രൂപയുടെ മിച്ചം നമ്മുടെ ഗവൺമെൻറിനുണ്ടായിരിക്കുമെന്നും അതിൽനിന്നും കഴിഞ്ഞ വർഷം കൂടുതൽ ബില്ലുകൊടുക്കുവേണ്ടി ചെലവഴിക്കുന്നതും ഈവർഷം കുടിശ്ശിക ബില്ലുകൊടുക്കുവേണ്ടി മാറിവയ്ക്കുന്നതുമെല്ലാം ഒഴിച്ചാൽ 1986–87 മാർച്ചിൽ, അതായത് വരുന്ന മാർച്ചിൽ 15 കോടിരൂപ മിച്ചമായിരിക്കുമെന്നാണ്. അതിന്റെ അർത്ഥം കഴിഞ്ഞ വർഷം അവസാനം 82 കോടി രൂപയുടെയും അടുത്ത മാർച്ചിൽ 15 കോടി രൂപയുടേയും മിച്ചമെന്നാണ്. ഞാൻ ബഡ്ജറ് സ്പീച്ചിൽ ഒരിടത്ത് വളരെ വ്യക്തമായി പറയുകയുണ്ടായി. ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷാവസാനം മിച്ചം ഈ പറഞ്ഞതിനേക്കാൾ കൂടുതലാകാനാണ് സാദ്ധ്യത. ഇതിനേക്കാൾ കൂടുതലായിരിക്കുമെന്ന് ബഡ്ജറ് പ്രസംഗത്തിൽ പറയുകയുണ്ടായി. എന്നിട്ടും ഞാൻ ഒരു വസ്തുത പറയുകയുണ്ടായി. ഇവിടെ മുഖ്യമന്ത്രിയുടേയോ എന്റെയോ പ്രസ്താവനകളല്ല വലുത്. ഈ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും വരുമാനചെലവ്കണക്കുകളുടെയും ക്ലോസിംഗ് ബാലൻസും മുൻവർ

11 a.m.]

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകളും ഓരോ ശ്രവൺമെൻറിന്റെ ട്രഷറിയിൽനിന്ന് സ്റ്റേറ്റ് ബാങ്കിലേക്ക്പോയി സ്റ്റേറ്റ് ബാങ്കിൽനിന്ന് റിസർവ്വ് ബാങ്കിലേക്ക് പോയി റിസർവ്വ് ബാങ്കാണ് സംസ്ഥാനങ്ങളുടെ കണക്കുകളെ പ്പറ്റി ആധികാരികമായി പറയേണ്ടത്.

കേന്ദ്രഗവൺമെൻറ് റിസർവ്വ് ബാങ്കിലേയ്ക്ക് കണക്കുകൾ അയയ്ക്കും. കേന്ദ്ര ഗവൺമെൻറ് റിസർവ്വ് ബാങ്കിലേയ്ക്ക് കണക്കുകൾ അയച്ചിട്ട് കേന്ദ്രധനകാര്യവകുപ്പുമന്ത്രി എല്ലാ സംസ്ഥാന ധനകാര്യവകുപ്പുമന്ത്രി മാരെയും തലേ വർഷത്തെ ക്ലോസിംഗ് ബാലൻസ് എത്രയാണെന്നു ള്ളത് അറിയിക്കും. അങ്ങനെ അറിയിച്ചതിന്റെ ഒരു ലെറ്റർ കേന്ദ്രധനകാര്യവകുപ്പ് കാര്യാലയത്തിൽനിന്നും നമ്മുടെ സംസ്ഥാന ഗവൺമെൻറിലേയ്ക്ക് അയച്ചുതന്നു. ക്ലോസിംഗ് ബാലൻസിന്റെ ലെറ്ററിൽ ഞാൻ അന്ന് ബഡ്ജറ്റിൽ പറഞ്ഞതുപോലെ കഴിഞ്ഞ വർഷാവസാനം 168 കോടി രൂപയുടെ മിച്ചം സംസ്ഥാനത്തിനുണ്ടെന്ന ഞങ്ങളെ അസന്നിഗ്ദ്ധമായി അറിയിച്ചിട്ടുണ്ട്. ആ രേഖ വയ്ക്കു മ്പോൾ ഇപ്പോഴുള്ള എസ്റ്റിമേറ് മാറുകയാണ്. അപ്പോൾ എസ്റ്റിമേറ് മാറുന്നത് ഈ രീതിയിലായിരിക്കും. 82 കോടി രൂപയുടെ കഴിഞ്ഞ വർഷാവസാനമിച്ചത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത മാർച്ചിൽ 15 കോടി രൂപയാണ് മിച്ചമെങ്കിൽ ഇനി വരാൻ പോകുന്നത് 15 കോടിരൂപയുടെ മിച്ചം 121 കോടി രൂപയുടെ മിച്ചമായിമാറുകമെന്നുള്ളതാണ്. കാരണം 82 കോടി രൂപയുടെ കഴിഞ്ഞവർഷാവസാനമിച്ചം വീണ്ടും 168 കോടി രൂപയായപ്പോൾ ഒരു 86 കോടിരൂപയുടെ വർദ്ധനവുണ്ടായി. 1986–87–ലെ ബഡ്ജറ്റ്, കമ്മി ബഡ്ജറ്റല്ല, മിച്ചബഡ്ജറ്റാണ്. എന്നുതന്നെയുമല്ല 15 കോടിരൂപയുടെ മിച്ചബഡ്ജറ്റല്ല, 121 കോടി രൂപയുടെ മിച്ച ബഡ്ജറ്റായി രൂപാന്തരപ്പെടുമെന്നുള്ളത് കേന്ദ്ര ഗവൺമെൻറിന്റെ ആധികാരികമായ രേഖയുടെ അടിസ്ഥാ നത്തിൽ വ്യക്തമാക്കിയിട്ടുള്ള ഒരു കാര്യമാണെന്ന് ഞാൻ സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്.

പിന്നെ ബഹുമാനപ്പെട്ട കെ.പി. പ്രഭാകരൻ ചോദിച്ചു, അരിയർ ബിൽ എത്രയുണ്ടെന്ന്? അരിയർ ബില്ലിൽ 35കോടി രൂപ കൊടുത്തു. തീർക്കാൻവേണ്ടി മാറ്റിവച്ചു. 168 കോടി രൂപയിൽ നിന്ന് എത്രവേണമെങ്കിലും എടുത്ത് ചെലവഴിച്ചോളൂ, അത് വേറെ കാര്യം. ഇവിടത്തെ പ്രശ്നം അതല്ല. ഇവിടത്തെ പ്രശ്നം ബഡ്ജറ്റ് മിച്ചമാണോ, ബഡ്ജറ്റ് കമ്മിയാണോ എന്നുള്ള താണ്. ബഡ്ജറ്റ് കമ്മിയാണോ മിച്ചമാണോയെന്ന നിയമ പ്രശ്നത്തെ സംബന്ധിച്ച് തീരുമാനിക്കുന്നത് നമ്മുടെ നീക്കി യിരിപ്പുകൂടി ചേർത്തിട്ടാണ്. അങ്ങനെ കൂട്ടിച്ചേർത്ത ബഡ്ജറ്റ് രേഖയിൽ മാറ്റംവന്നിട്ടുണ്ടോ? ഒരു പ്രസ്താവന അല്ലയിവിടെ പ്രധാനം. കേന്ദ്രഗവൺമെൻറിന്റേയും റിസർവ്വ് ബാങ്കിന്റേയും കണ ക്കുകളാണ് പ്രധാനം. ആ കണക്കനുസരിച്ച് നമുക്ക് ഇത് മിച്ച ബഡ്ജറ്റാണ്. 121 കോടി രൂപയുടെ മിച്ചബഡ്ജറ്റായി രൂപാന്തര പ്പെട്ടിരിക്കുന്നുവെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു.

(ബഹളം)

മി. സ്പീക്കർ: ഏതായാലും ഇതു സംബന്ധിച്ചു ഒരു ചർച്ച യുടെ ആവശ്യമില്ല. ധനകാര്യം എടുക്കുമ്പോൾ ഒരു ഒബ്ജക്ഷൻ റൈയിസ് ചെയ്യാനുണ്ട്. ഒരു പോയിൻറ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ടുമാത്രമാണ് അനുവദിച്ചത്. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയു കയും ചെയ്തു. ഇനി വരുന്ന ദിവസങ്ങളിലൊക്കെ ഇത് ചർച്ച ചെയ്യാനുള്ള സന്ദർഭമുണ്ട്. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ സ്റ്റേജിൽ ഡിസ്... ന്റെ ആവശ്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ... ത്തിൽ ചെയറിന്റെ ഭാഗത്തു നിന്നും റൂളിംഗ് തരുന്നതാണ്. .....(ബഹളം)..... ഈ ബഡ്ജറ്റിനെ സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ വരുത്തിയിട്ടുണ്ടോയെന്നുള്ളതാണ് കാതലായ പ്രശ്നം. ഉണ്ടെങ്കിൽ അത് പരിശോധിക്കേണ്ടതാണ്. .....(ബഹളം)..... എല്ലാകാലയളവിലും ബഡ്ജറ്റിനെ സംബന്ധിച്ച് പൊതുവായി അംഗീകരിച്ചു വരുന്ന അതേ നടപടിക്രമം മാത്രമാണ് ഇതിനകത്തും അംഗീകരിച്ചിട്ടുള്ളത്. പുതിയതായി ഒന്നും ഇല്ല. ഇതിനകത്ത് കേന്ദ്രധനകാര്യ വകുപ്പു മന്ത്രിയുടെ അഭിപ്രായത്തെ സംബന്ധിച്ച് ചെയറിന് യാതൊരു രേഖയും ഇല്ല. ഇവിടെ മുൻ ആണ്ടത്തെ നീക്കിയിരിപ്പും അധികവിഭവസമാഹരണവും സംബന്ധിച്ചുള്ള കാര്യങ്ങളും അദ്ദേഹം കണക്കിലെടുത്തിട്ടില്ലെന്നാണ് പത്രത്തിൽ നിന്ന് മനസ്സിലാകുന്നത്. ഏതായാലും ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിനെ സംബന്ധിച്ച് അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങളിൽ യാതൊരു അപാകതയും ചെയർ കാണുന്നില്ല.

X. ധനകാര്യം

1986–87–സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നമ്പർ II. സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സഭ നിശ്ചയിച്ച സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച അടിസ്ഥാനത്തിൽ സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ 7–ാം കാളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഖണ്ഡന ഉപക്ഷേപങ്ങൾ നയ നിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാനഉദ്യോഗസ്ഥൻമാർ, എന്ന 2–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7, 97, 57,500 ക ഒരു ഉപപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

* അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly